# ഗ്യാസ് ദുരന്തം: സിബിഐ രംഗത്ത്-കമ്പനി ഉദ്യോഗസ്ഥർക്ക് വിലക്ക്

**ഭോപ്പാൽ: ഭോപ്പാൽ ഗ്യാസ് ദുരന്തത്തെക്കുറിച്ചു സി.ബി.ഐ. അന്വേഷണംതുടങ്ങിയിരിക്കുന്നു. നിരവധി പേരുടെ മരണത്തിനു വഴിവെച്ച യൂനിയൻ കാർബൈഡിൻെറ ചെയർമാൻ വാറൻ അൻഡേഴ്സൻ ഇവിടെ എത്തി. കമ്പനി ഉദ്യോഗസ്ഥർ സമ്മതമില്ലാതെ സ്ഥലം വിടരുതെന്നു ഗവർമ്മെണ്ട് കൽപ്പന കൊടുത്തിട്ടുണ്ട്.**

തെളിവുകൾ നശിപ്പിക്കുന്നതു തടയാൻ ഗവർമ്മെണ്ട് കമ്പനി അടച്ചുപൂട്ടിയിരിക്കുന്ന സാഹചര്യത്തിലാണ് ഈ നടപടികൾ.

ബോംബെയിൽ വ്യാഴാഴ്ച രാവിലെ എത്തിയ ആനന്ദേശൻ രഹസ്യചർച്ചകൾ നടത്തിയ ശേഷം ഉച്ചയോടെ ഭോപ്പാലിൽ എത്തി. കൂടെ കമ്പനിയുടെ ഉന്നതഉദ്യോഗസ്ഥന്മാരുമുണ്ട്.

ടാങ്കുകളിൽ വിഷവാതകം സംഭരിക്കുന്നതും പുറത്തേക്കെടുക്കുന്നതും സംബന്ധിച്ച രേഖകളും ലോഗ് ബുക്കുകളും യൂനിയൻ കാർബൈഡ് കമ്പനിയിൽ നിന്ന് സി.ബി.ഐ. ഉദ്യോഗസ്ഥർ കസ്റ്റഡിയിൽ എടുത്തതോടെയാണ് വിഷവാതക ചോർച്ച സംബന്ധിച്ച പൂർണ്ണമായ അന്വേഷണം ആരംഭിച്ചത്.

2000 ലധികം പേർ മരിച്ച വിഷവാതക ചോർച്ച നടന്ന ഈ കമ്പനിയിലെ ഉദ്യോഗസ്ഥന്മാർ സി.ബി.ഐ.യുടെ അനുമതിയില്ലാതെ ഭോപ്പാൽ വിട്ടുകൂടാ. ഉദ്യോഗസ്ഥന്മാരെ മുഴുവൻ ചോദ്യം ചെയ്തു തുടങ്ങിയിട്ടുണ്ട്.

വിഷവാതകം ചോർന്ന ദിവസം രാത്രി കൃത്യമായി എന്തു സംഭവിച്ചു എന്നറിയുന്ന ഏക കമ്പനി ജീവനക്കാരൻ ഷക്കീർ അഹമ്മദ് ഇപ്പോൾ ഗുരുതരാവസ്ഥയിൽ ആശുപത്രിയിലാണ്. കിട്ടാവുന്നത്ര ഏററവും നല്ല ചികിത്സയാണ് ഷക്കീർ അഹമ്മദിനു നൽകുന്നത്. പത്രക്കാർക്കു ഇയാളെ കാണാൻ അനുവാദമില്ല. പൊലീസ് കാവലുണ്ടു താനും.

അമേരിക്കയിൽ നിന്നു യൂനിയൻ കാർബൈഡ് കോർപറേഷൻെറ ചെയർമാൻ ആൻഡേഴ്സൻ ബോംബെയിലെത്തിയ ഉടൻ ചർച്ചകൾ തുടങ്ങിയിരുന്നു.

സെഹോർ, ഹോഷിങ്ങ്ബാദ്, ബെതുൽ, റൈസെൻ, ഇൻഡോർ എന്നിവിടങ്ങളിൽ, വിഷവാതകം ശ്വസിച്ച് അമ്പതു പേർ മരിച്ചിട്ടുണ്ടെന്നു മുഖ്യമന്ത്രി പറഞ്ഞു. മെഡിക്കൽകോളേജ് മോർച്ചറിയിൽ 80 മൃതദേഹങ്ങൾ കൂടി എത്തി. 688 മൃതദേഹങ്ങൾ ഇതിനകം അവിടെ എത്തുകയുണ്ടായി.

ഭോപ്പാലിൻെറ അന്തരീക്ഷ മലിനീകരണത്തെ കുറിച്ച് വിദേശപത്രലേഖകരടക്കം പലരും മുഖ്യമന്ത്രിയെ ചോദ്യങ്ങൾകൊണ്ട് ബുദ്ധിമുട്ടിച്ചു. ചോദ്യങ്ങൾ വളരെ സാങ്കേതികസ്വഭാവമുള്ളവയാണെന്നും, ഭോപ്പാൽ മാലിന്യരഹിതമായ നഗരമാക്കി തീർക്കാൻ ശ്രമിക്കുമെന്നും പറഞ്ഞ് മുഖ്യമന്ത്രി ഒഴിഞ്ഞുമാറി.

ഗവർമ്മേണ്ടിൻെറ പക്ഷത്തുനിന്നുണ്ടായ എന്തെങ്കിലും അപാകതകളാണ് അപകടത്തിന്നു കാരണമെന്നു തെളിഞ്ഞാൽ മുഖ്യമന്ത്രി സ്ഥാനം രാജിവെക്കുമെന്ന് അർജ്ജുൻസിംഗ് പ്രഖ്യാപിച്ചു.

## ...ി'നുള്ള ...എസ്.

ഇതിനുള്ള ഉദാഹരണമായാണ് 1967-ലെ പശ്ചിമബംഗാൾ സഖ്യം അദ്ദേഹം ഉദ്ധരിച്ചത്. അന്ന് മാർക്സിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലും, ബംഗ്ലാ കോൺഗ്രസ്സിൻെറ നേതൃത്വത്തിലും രണ്ടു പ്രതിപക്ഷ മുന്നണികൾ അവിടെ മത്സരിച്ചു. ഇതിൽ രണ്ടാമത്തേതിലായിരുന്നു സി.പി.ഐ. പക്ഷെ, ഇരു മുന്നണികൾക്കും ഭൂരിപക്ഷം കിട്ടി. അങ്ങിനെയാണ് അജയ്മുഖർജി മുഖ്യമന്ത്രിയും ജ്യോതിബസു ഡെപ്യൂട്ടി മുഖ്യമന്ത്രിയും ആയി അവിടെ കോൺഗ്രസ്സിതര ഗവർമ്മെണ്ടുണ്ടായത്.

ഏതാണ്ട് ഇതിനോട് സാദൃശ്യം വഹിക്കുന്ന സ്ഥിതി അഖിലേന്ത്യാതലത്തിൽ ഇന്ന് നിലവിലുണ്ടെന്ന് ഇ. എം. എസ്. പ്രസ്താവിച്ചു.

പ്രതിപക്ഷ കക്ഷികളിൽ ബി.ജെ.പി.യും മററു ചില ചെറുകക്ഷികളും ഒഴിച്ച് 17 എണ്ണം ചേർന്ന് ചില പ്രധാന നയ പ്രശ്നങ്ങളെ ആസ്പദമാക്കി യോജിച്ച നിലപാടുകൾ എടുത്തിട

## കാലാവസ്ഥ

തിരുവനന്തപുരം—കേരളത്തിലും ലക്ഷദ്വീപിലും ഒററപ്പെട്ട മഴയുണ്ടാവും. തുടർന്നുള്ള രണ്ടു ദിവസങ്ങളിൽ കാലാവസ്ഥയിൽ ഗണ്യമായ മാററം പ്രതീക്ഷിക്കുന്നില്ല.

